ലാത്തിച്ചാർജുകളുടെ എണ്ണം

53 (56) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ലാത്തി ചാർജ്ജുകൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഇവയിൽ വിദ്യാർത്ഥികളുടെ മേൽ നടത്തിയ ലാത്തിച്ചാർജ്ജുകളുടെ എണ്ണമെത്ര ;

(സി) പോലീസ് വിദ്യാർത്ഥികളെ മറ്റു വിധത്തിൽ ദേഹോപദ്രവം ചെയ്ത സംഭവം ഈ കാലത്തുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഡി) കൊല്ലം, എസ്.എൻ.കോളേജിൽ ഏറ്റവും അവസാനം നടന്ന സമരത്തിൽ എ.ഐ.എസ്.എഫ് വിദ്യാർത്ഥികളെ ലാത്തിചാർജ്ജ് ചെയ്യുകയും മറ്റു വിധത്തിൽ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ ; ഇതേപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പത്ത് ലാത്തിചാർജുകൾ ഉണ്ടായിട്ടുണ്ട്. അതിൽ വിദ്യാർത്ഥികൾക്കെതിരെ ഒരു ലാത്തിചാർജ്ജാണ് നടന്നിട്ടുള്ളത്.

(ഡി) കൊല്ലം, എസ്.എൻ.കോളേജിൽ എസ്.എഫ്.ഐ. നടത്തിയ സമരത്തിൽ പ്രതിഷേധിച്ച് 19-1-2000-ന് എ.ഐ.എസ്.എഫ് വിദ്യാർത്ഥികൾ നടത്തിയ പ്രകടനം കോളേജിനു മുൻപിലുള്ള എസ്.എഫ്.ഐ യുടെ സമരപ്പന്തലിനു മുൻവശത്തുകൂടി കടന്നുപോകുമ്പോൾ ഉണ്ടായ കല്ലേറിനെത്തുടർന്ന് അക്രമാസക്തരായ വിദ്യാർത്ഥികളെ പോലീസ് വിരട്ടി ഓടിച്ച സംഭവം ഉണ്ടായിട്ടുണ്ട്. ഇതേപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ.കെ.പി.നാരായണൻ നായരെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

പോലീസ് സേനയുടെ പ്രവൃത്തിസമയം

54 (57) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ പ്രവൃത്തി സമയം എട്ടു മണിക്കൂറാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ എത്ര സ്റ്റേഷനുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടെന്നറിയിക്കുമോ ;

(സി) എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇത് എന്നുമുതൽ നടപ്പിലാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly